**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6160** **17-03-2023 - ൽ മറുപടിയ്ക്ക്**

**കയർ ഉല്പന്നങ്ങൾക്ക് ആഗോള വിപണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയറിനും, കയർ ഉല്പന്നങ്ങൾക്കും ആഗോള വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾക്ക് ആഗോളവിപണി കണ്ടെത്തുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് കയർകോർപ്പറേഷൻ ലിമിറ്റഡ്, എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ ഫോർ ഹാന്റിക്രാഫ്റ്റ്സ്, ഹാൻഡ്ലൂം എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ മുതലായ ഏജൻസികൾ വഴി നടത്തപ്പെടുന്ന എക്സിബിഷനുകൾ, ബയർസെല്ലർമീറ്റുകൾ എന്നിവയിൽ നേരിട്ടും ഓൺലൈനിലുമായി പങ്കെടുത്ത് പുതിയ ബയേഴ്സിനെ കണ്ടെത്തി ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയർ ഭൂവസ്ത്രം കയറ്റുമതി ചെയ്യുന്നുണ്ട്. ഈ സാമ്പത്തിക വർഷം നാല് കോടി രൂപയുടെ കയർ ഭൂവസ്ത്രമുൾപ്പെടെ 14 കോടി രൂപയുടെ കയറുല്പന്നങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തിരം കയറ്റുമതി ചെയ്തിട്ടുണ്ട്. കൂടാതെ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം 30 കോടി രൂപയുടെ കയർ ഭൂവസ്ത്രം കയറ്റുമതികാർക്ക് കയറ്റുമതി ചെയ്യുന്നതിനായി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ കയറും കയർ ഉല്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതിനുള്ള വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് എവിടെയെല്ലാമെന്നും എപ്രകാരമാണെന്നും വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ കയറുല്പന്നങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ വിറ്റഴിക്കുന്നതിനായി, തെരെഞ്ഞെടുത്ത സംസ്ഥാനങ്ങളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിക്കുകയും ഇവർ വഴി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ നിലവിലുള്ള ഷോറൂമുകൾ വഴിയും ഉല്പന്നങ്ങൾ വിപണനം നടത്തുകയും ചെയ്യുന്നു. വിശാൽ മെഗാ മാർട്ട്, ഡീ മാർട്ട്, റിലയൻസ് റീട്ടെയ്ൽ എന്നീ ചെയ്ൻ സ്റ്റോറുകൾ വഴിയും ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യ മാർട്ട് എന്നീ ഓൺ-ലൈൻ പ്ലാറ്റ് ഫോമുകൾ വഴിയും വില്പന നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ ഡൽഹി കേന്ദ്രീകരിച്ചിട്ടുള്ള റസിഡന്റ് കമ്മീഷണർമാരുമായി മൂന്ന് തവണ ചർച്ചകൾ നടത്തുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലുള്ള വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ മാസത്തിൽ നടത്തുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ